ജനറൽ സെക്ടർ സ്കീമിന് നീക്കിവച്ച തുക

1109 [1762] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്ത് ജനറൽ സെക്ടർ സ്കീമിന് 1977.78, 1978.79 വർഷങ്ങളിലേക്ക് നീക്കിവച്ചതുക എത്ര എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എന്തു തുക കൊല്ലം ജില്ലയിലെ സംവരണ മണ്ഡലങ്ങളായ നെടുവത്തൂർ, കുന്നത്തൂർ എന്നീ മണ്ഡലങ്ങളിൽ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജനറൽ സെക്ടർ സ്കീമിൽ 1977.78, 1978.79 വർഷങ്ങളിലേക്ക് നീക്കിവച്ച തുക യഥാക്രമം 13550.88 ലക്ഷം രൂപയും 18388.00 ലക്ഷം രൂപയുമാണ്.

(ബി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

മി. സ്പീക്കർ : ഓർഡർ, ഓർഡർ, ചോദ്യോത്തരസമയം കഴിഞ്ഞു.

II ശ്രദ്ധക്ഷണിക്കൽ

പൊന്നാനി താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രിയിലെ ശോചനീയാവസ്ഥയെ സംബന്ധിച്ച്

ശ്രീ. എം.പി. ഗംഗാധരൻ: സർ, പൊന്നാനി താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രി കുറെക്കാലമായി വളരെ അപകടകരമായ 9.30 a.m.] നിലയിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഏകദേശം 300 ഓളം ഇൻ-പേഷ്യന്റ്സ് ഇന്നവിടെ ഉണ്ട്. ആയിരത്തോളം ഓപ്പറേഷനുകളും നടക്കുന്നുണ്ട്. ഒരുപക്ഷേ കേരളത്തിലെ ഏറ്റവും വലിയ താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രിയെന്നുള്ള നിലയിൽ വളരെ കൂടുതൽ രോഗികൾ ഇവിടെ വരികയും മരുന്നുവാങ്ങുകയും ചെയ്യുന്നുണ്ട്. എന്നാൽ അവിടെ ആളുകളെ കിടത്തി ചികിൽസിപ്പിക്കുന്നതിനുള്ള സൗകര്യങ്ങളൊന്നുമില്ല. വളരെക്കാലമായുള്ള ഒരു മുറവിളിയാണിത്. പഴയ ജീർണ്ണിച്ച കെട്ടിടങ്ങളാണ് ഉള്ളത്. ഉള്ള ആളുകൾതന്നെ നിലത്താണു കിടക്കുന്നത്. കിടക്കകളില്ല. വിരിയില്ല, ഡോബി ഇല്ല. അതുപോലെതന്നെ മരുന്നിന്റെ കാര്യവും. രണ്ടോമൂന്നോ മാസം മരുന്നു കിട്ടും. അതുകഴിഞ്ഞാൽ പിന്നെ ഡോക്ടർമാർ പുറത്തുനിന്നും മരുന്നെടുക്കാൻ എഴുതിക്കൊടുക്കുകയാണ്. എന്തുമരുന്നു ചോദിച്ചാലും അവിടെ കാണുകയില്ല. ഭക്ഷണവിതരണത്തിന്റെ കാര്യവും ഇതിൽ നിന്നും ഒട്ടും പിന്നോക്കമല്ല. രോഗികൾക്ക് അലോട്ടു ചെയ്യുന്ന ഭക്ഷണത്തിന്റെ മുപ്പതുശതമാനം മാത്രമേ വിതരണം ചെയ്യുന്നുള്ളു, ലഭിക്കുന്നുള്ളു. ലാവറട്ടറിയെല്ലാം പൊട്ടി മലിനജലവും അഴുക്കുകളുമെല്ലാം വാർഡുകളിൽക്കൂടി ഒഴുകുകയാണ്. ഒരുമനുഷ്യനും അവിടത്തെ വാർഡു

LIBRARY ARCHIVES Kerala Legislative Assembly

കളിൽ കഴിയാൻ നിവൃത്തിയില്ല. അവിടെ ക്ലീനേഴ്സ് ഉണ്ട്. പക്ഷേ അവരാരും യാതൊന്നും ചെയ്യുകയില്ല. എന്റെ അറിവുശരിയാണെങ്കിൽ അവർ ആ ജോലി സബ് കോൺട്രാക്ട് കൊടുക്കുകയാണ്. വെള്ളത്തിന്റെ കാര്യമാണെങ്കിൽപ്പിന്നെ പറയാനുമില്ല. വാട്ടർ ടാപ്പുകളുമില്ല കണക്ഷനുമില്ല. റോഡിൽ പോയാണ് രോഗികളും ബക്കറ്റിൽ വെള്ളം കൊണ്ടുവരുന്നത്. ഇതിനെല്ലാം ഉപരിയായി ലൈറ്റുമില്ല. ഒരു കൊല്ലത്തിലേറെയായി ഒരു ബൾബുപോലും കത്തുന്നില്ല. വയറിംഗ് ഡിസ്ഓർഡർ ആണെന്നാണ് പറയുന്നത്. ലൈറ്റുമില്ല ഫാനുമില്ല. ഗാസ്ട്രോ എൻട്രിറ്റിസ് ഉണ്ടായിരുന്ന കാലത്ത് ദിവസം പത്തൻപത് അഡ്മിഷൻ ഉണ്ടായിരുന്നു. സർ, കേരളത്തിൽ വളരെ കൂടുതൽ കൊതുകുള്ള സ്ഥലങ്ങളിലൊന്നാണ് പൊന്നാനി. എന്തെങ്കിലും സുഖക്കേടു പിടിച്ച് ഈ ആശുപത്രിയിൽ വന്നാൽ തിരിച്ചുപോകുമ്പോൾ ഫൈലേറിയാ പിടിപെട്ടിരിക്കും. ഈ ചുറ്റുപാടിനു മാറ്റം വരുത്തണം. അതുപോലെതന്നെ ഒരു ലേഡി ഡോക്ടർകൂടി വേണമെന്നാവശ്യപ്പെട്ടിട്ടും ഇന്നുവരെ കിട്ടിയിട്ടില്ല. ഉള്ള ഡോക്ടർമാർ തന്നെ അടിപിടിയാണ്. വളരെ ഗുരുതരമായ സുഖക്കേടായാലും ശരി അഡ്മിറ്റ് ചെയ്ത ഡോക്ടർ അവിടെ ഉണ്ടായിരിക്കുകയില്ല. അവർ മറ്റുരോഗികൾക്കു പ്രൈവറ്റ് ചികിൽസ നടത്തുന്നതിനുവേണ്ടി വീട്ടിലായിരിക്കും. എന്തെങ്കിലും ഡോക്ടർ സ്ഥലത്തുണ്ടായാൽത്തന്നെ അദ്ദേഹം അഡ്മിറ്റു ചെയ്തില്ല എന്നുള്ള കാരണത്താൽ രോഗിയെ പരിശോധിക്കുകയുമില്ല. അങ്ങനെ അവസാനം രോഗികൾ മരിച്ച കേസുകളും ഉണ്ടായിട്ടുണ്ട്. ഇങ്ങനെയുള്ള ഡോക്ടർമാരുടെ സഹകരണമില്ലായ്മയും അവസാനിപ്പിക്കണം. എക്സ്റേ ടെക്നീഷ്യൻ ഇല്ല. സ്പെഷ്യലിസ്റ്റുകളില്ല. ഈ കാര്യത്തിന് ഒരു പരിഹാരമുണ്ടാക്കാൻവേണ്ടി ഒരു അന്വേഷണം നടത്തണമെന്നു ഞാനാവശ്യപ്പെടുകയാണ്.

പൊതുജനാരോഗ്യ വകുപ്പു മന്ത്രി (ശ്രീ. കെ.പി. പ്രഭാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത്ര ഗുരുതരാവസ്ഥയൊന്നും പൊന്നാനി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സാശുപത്രിയെസംബന്ധിച്ചിടത്തോളം ഇല്ല എന്നാണ് മലപ്പുറം ഡി.എം.ഒ. യിൽ നിന്നും എനിക്ക് കിട്ടിയ റിപ്പോർട്ട്. വാട്ടർ സപ്ലൈയുടെ കാര്യത്തിലുള്ള തകരാറുകളെല്ലാം കഴിഞ്ഞ ജനുവരിയിൽത്തന്നെതീർത്തിട്ടുണ്ട്. പുതിയ മോട്ടോർ വച്ചതുകൊണ്ട് വെള്ളത്തിനിപ്പോഴും യാതൊരു പ്രയാസവുമില്ല. ഇലക്ട്രിസിറ്റി ഫെയിലാവുമ്പോഴും പലപ്പോഴും മോട്ടോറിന്റെ പ്രവർത്തനം നിലയ്ക്കാറുണ്ട്. അപ്പോഴുള്ള ക്ഷാമം മാത്രമേ ഉള്ളൂ. അതുതന്നെയാണ് ലൈറ്റിന്റേയും സ്ഥിതി. ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റിൽ അന്വേഷിച്ചപ്പോഴും ഇടപ്പാളിൽ ഒരു പുതിയ സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പണിനടന്നുകൊണ്ടിരിക്കുകയാണ്, അതുവന്നശേഷം മാത്രമേ ശരിയാകുകയുള്ളൂ എന്നാണറിയാൻ കഴിഞ്ഞത്. കെട്ടിടത്തിന്റെ സ്ഥിതിയെപ്പറ്റി ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു ശരിയാണ്. കെട്ടിടം പണിയുന്നതിനുള്ള ഏറ്റവും വലിയ പ്രയാസം അവിടെ സ്ഥലം കിട്ടുന്നില്ല എന്നുള്ളതാണ്. സ്ഥലത്തിന് മുനിസിപ്പാലിറ്റിയും മറ്റും എന്തെങ്കിലും സൗകര്യം ഏർപ്പെടുത്തിത്തന്നില്ലെങ്കിൽ പെട്ടെന്നൊന്നും ഈ പ്രശ്നം പരിഹരിക്കാനൊക്കുകയില്ല. സ്ഥലത്തിനു സൗകര്യം ഉണ്ടാക്കിത്തരികയാണെങ്കിൽ ആ പണി വേഗം നടക്കും. ഒരു ലക്ഷത്തി ഇരുപതിനായിരം രൂപയുടെ മരുന്നാണ് അവിടത്തേക്ക് അലോട്ടു ചെയ്തിട്ടുള്ളത്. കുറച്ചുമരുന്നുകൂടി കൊടുക്കാൻ ബാക്കിയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അത് വളരെ വേഗം കൊടുക്കുകയും ചെയ്യും. പൊതുവായി ആശുപത്രികൾക്കുള്ള വിഷമത്തിൽക്കവിഞ്ഞ് വിശേഷവിധിയായി ഒന്നുംതന്നെ അവിടെയില്ല. ഷെഡ്യൂൾ അനുസരിച്ചുള്ള ഭക്ഷണം അവിടെ കിടക്കുന്ന രോഗികൾക്കു കൊടുക്കുന്നുണ്ട്. അതിൻമേൽ പ്രത്യേക പരാതിയൊന്നും കിട്ടിയതായി അറിവില്ല. സർ, അവിടെ എട്ട് ഡോക്ടർമാരാണ് ഉള്ളത്. 113 ബെഡ് ഉള്ള ആശുപത്രിയാണ്. മെഡിസിൻ, സർജറി, ഒപ്താൽമോളജി എന്നീ മൂന്നു സ്പെഷ്യലിസ്റ്റുകൾ അവിടെ ഇല്ല. ഏപ്രിൽ മേയ് മാസത്തിലെ ജനറൽ ട്രാൻസ്ഫറോടുകൂടി ഈ ഒഴിവുകൾ നികത്താൻ വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്. അപ്പോൾ പൊന്നാനിയിലും ഈ സ്പെഷ്യലിസ്റ്റുകൾ ചാർജെടുക്കുന്നതായിരിക്കും. സർ ഗാസ്ട്രോ എൻട്രിറിറ്റിസ് പിടിപെട്ട 24 പേരെയാണ് മാർച്ചുമാസത്തിൽ അവിടെ അഡ്മിറ്റു ചെയ്തത്. അവരെല്ലാം സുഖക്കേടു മാറി പോകുകയും ചെയ്തു. വേറെ അപകടങ്ങളൊന്നും ഉണ്ടായിട്ടില്ല. അത്യാവശ്യംവേണ്ട മരുന്നുകളില്ലെങ്കിൽ അതു പുറത്തുനിന്നു വാങ്ങിക്കൊടുക്കുന്നതിനുള്ള ഫണ്ടും ഇന്നുതന്നെ ഉണ്ട്. ഒന്നേകാൽ ലക്ഷം രൂപ ചെലവാക്കി അവിടെ ഒരു ഒ.പി. വാർഡ് പുതുക്കിപ്പണിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പറും മുനിസിപ്പാലിറ്റിയുമൊക്കെ മുൻകൈയെടുത്താൽ മറ്റു കെട്ടിടങ്ങളും കെട്ടുന്നതിനുള്ള സ്ഥലംകൂടി ഉണ്ടാക്കി പണി നടത്താൻ സാധിക്കും. അവിടെ സന്ദർശിക്കണമെന്ന് ബഹുമാനപ്പെട്ട മെമ്പർ പല പ്രാവശ്യം എന്നോടാവശ്യപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് അടുത്തമാസം അവിടെ സന്ദർശിക്കണമെന്നുദ്ദേശിക്കുന്നു. അപ്പോൾ എന്തെങ്കിലും പ്രത്യേകകാര്യങ്ങളുണ്ടെങ്കിൽ ശ്രദ്ധയിൽപ്പെടുത്തിയാൽ വേണ്ട നടപടി സ്വീകരിക്കുന്നതാണ്. പ്രത്യേകിച്ചൊരു എൻകയറിയുടെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

III പ്രസ്താവന

ശ്രീ. എം.വി. രാഘവൻ ചെയ്ത പ്രസ്താവന

യു. പി. യി. ലെ ബസ്തിയിൽ വച്ച് മലയാളി നേഴ്സുമാരെ ആക്രമിച്ചതിനെ സംബന്ധിച്ച്.

ശ്രീ. എം.വി. രാഘവൻ: സർ, യു.പി.യിലെ ബസ്തി എന്നു പറയുന്ന സ്ഥലത്ത് അഞ്ചോളം മലയാളി നഴ്സുമാരെ ഒരു കൂട്ടം കൊള്ളക്കാർ ബലാൽസംഗം ചെയ്ത സംഭവം കേരളത്തിലെ ജനങ്ങളെ ആകമാനം ഞെട്ടിപ്പിച്ചിരിക്കുകയാണ്. ഈ ഗവൺമെൻറ് അതു സംബന്ധിച്ച് എന്തെങ്കിലും ചെയ്തിട്ടുണ്ടോ? യു. പി. ഗവൺമെൻറും കേന്ദ്രഗവൺമെൻറുമായി ബന്ധപ്പെട്ടിട്ടുണ്ടോ? നമ്മുടെ നാട്ടിലെ തൊഴിലില്ലാത്ത പെൺകുട്ടികൾ ഇൻഡ്യയിലെ പല ഭാഗത്തുള്ള സംസ്ഥാനങ്ങളിലും ജോലി അന്വേഷിച്ചുപോയി ജോലി ചെയ്യുന്നുണ്ട്. ഇവരുടെ ജീവിതത്തിന് സംരക്ഷണം കിട്ടേണ്ടതായി ഉണ്ട്. കേന്ദ്ര ഗവൺമെൻറിനെ ഈ ഗവൺമെൻറ് എന്താണ് അറിയിച്ചത്. ഈ രാജ്യത്തെ ജനങ്ങളുടെ വികാരം കേന്ദ്ര ഗവൺമെൻറിനെയും യു. പി. ഗവൺമെൻറിനെയും അറിയിച്ചിട്ടുണ്ടോ? അവർക്ക് സംരക്ഷണം കിട്ടുമോ? മലയാളമനോരമ ലേഖകൻ അവിടെ പോയപ്പോൾ അവർ പറഞ്ഞത്, ഞങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly